വ്യവസായ സംരംഭകർക്കായി ഏകജാലക സമ്പ്രദായം

*5 [245] ശ്രീ. കെ. രാധാകൃഷ്ണൻ:

,, ടി. കെ. ദേവകുമാർ:

,, എം. വി. ജയരാജൻ:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സംരംഭകർക്കായി ഒരു ഏകജാലക സമ്പ്രദായം നിലവിലുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യമാക്കിക്കൊണ്ടാണ് ഈ സമ്പ്രദായം നടപ്പിലാക്കിയതെന്ന് പറയാമോ;

(സി) ഏകജാലക സംവിധാനം നിലവിൽ വന്നതിനുശേഷം സർക്കാരിന്റെ പ്രതീക്ഷയ്ക്കൊത്ത് വ്യവസായ സംരംഭകർ കടന്നുവന്നിട്ടില്ല എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) വ്യവസായ സംരംഭകർക്ക് പൂർണ്ണമായും പ്രയോജനം ഉറപ്പുവരുത്താനും അവരെ ആകർഷിക്കാനും കഴിയുന്നവിധം സംസ്ഥാനത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാനത്ത് വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ ക്ലിയറൻസുകൾ, ലൈസൻസുകൾ, മറ്റു സർട്ടിഫിക്കറ്റുകൾ എന്നിവ കാലതാമസം കൂടാതെ ഒരേ സ്ഥലത്തുനിന്നും വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാനത്ത് ഏകജാലക സംവിധാനം നടപ്പിലാക്കിയത്.

(സി, ഡി) വ്യവസായ സംരംഭകർക്ക് പൂർണ്ണമായി പ്രയോജനം ഉറപ്പുവരുത്തി അവരെ ആകർഷിക്കുവാൻ കഴിയുന്നവിധം നിലവിലുള്ള വ്യവസായ ഏകജാലക സംവിധാനം കാലാനുസരണം നവീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ എടുക്കുന്നുണ്ട്. ഇതിനു പുറമേ ആഗോള നിക്ഷേപക സമ്മേളനത്തിനുശേഷം സർക്കാർ ഒരു നിക്ഷേപക പ്രോൽസാഹന ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വിവിധ വകുപ്പുകളിലെ സെക്രട്ടറിമാർ മെമ്പർമാരുമായിട്ടാണ് പ്രസ്തുത ബോർഡ് രൂപീകരിച്ചിട്ടുള്ളത്. പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള ഒരു ദ്രുത സംവിധാനമായി പ്രവർത്തിക്കുകയാണ് ബോർഡിന്റെ മുഖ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly